# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 02.10.2024**

## പ്രധാനവാർത്തകൾ

1. **മാലിന്യ നിർമ്മാർജന രംഗത്ത് ഭാവിയിൽ ഉണ്ടാകാനിടയുള്ള വെല്ലുവിളികൾ കൂടി മനസിലാക്കി പ്രവർത്തിക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.**

2. **പൊതുസ്ഥലങ്ങൾ മലിനമാക്കുന്നതിൻറെ പ്രത്യാഘാതത്തെക്കുറിച്ച് ജനങ്ങൾക്കിടയിൽ അവബോധം വളർത്തണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**

3. **സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണ പരിപാടിയുടെ ഉദ്ഘാടനവും മഹാത്മ ഗോത്ര സമൃദ്ധി പുരസ്കാര സമർപ്പണവും മുഖ്യമന്ത്രി നിർവഹിച്ചു.**

4. **വൈദ്യുതി മുടങ്ങി നിശ്ചിത സമയത്തിനകം പുനസ്ഥാപിച്ചില്ലെങ്കിൽ ഉപഭോക്താവിന് കെഎസ്ഇബി നഷ്ടപരിഹാരം നൽകേണ്ടതുണ്ടെന്ന് മന്ത്രി കെ.കൃഷ്ണൻകുട്ടി.**

5. **ഐസിസി വനിതാ ട്വന്റി - 20 ലോകകപ്പിന് നാളെ ഷാർജയിൽ തുടക്കമാകും. ആദ്യ മത്സരം ബംഗ്ലാദേശും സ്കോട്ലന്ഡും തമ്മിൽ.**

*************************************

## ഗാന്ധി ജയന്തി

രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ 155-ാം ജന്മവാർഷികത്തിൽ സ്മരണാഞ്ജലികളർപ്പിച്ച് രാജ്യം. രാജ്യത്തുടനീളവും വിദേശത്തും വിവിധ സംഘടനകളുടെയും സ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ നിരവധി പരിപാടികൾ സംഘടിപ്പിച്ചു. രാജ്ഘട്ടിലെ മഹാത്മാഗാന്ധി സമാധിയിൽ രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ, പ്രധാനമന്ത്രി നരേന്ദ്രമോദി, ലോക്സഭാ സ്പീക്കർ ഓം ബിർള, കേന്ദ്രമന്ത്രിമാർ, ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി തുടങ്ങിയവർ പുഷ്പാർച്ചന നടത്തി. മുൻ പ്രധാനമന്ത്രി ലാൽ ബഹാദൂർ ശാസ്ത്രിയുടെ 120-ാം ജന്മവാർഷികവും രാജ്യമിന്ന് സമുചിതമായി ആചരിക്കുന്നു.

***********************************

## ഗാന്ധിജയന്തി - കേരളം

ഗാന്ധിജയന്തി ദിനത്തോടനുബന്ധിച്ച് കേരളത്തിലും വിവിധ പരിപാടികൾ. നിയമസഭാ സമുച്ചയത്തിലെ ഗാന്ധി പ്രതിമയിൽ ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ പുഷ്പ്പാർച്ചന നടത്തി. കൊല്ലത്ത് ഗാന്ധി ജയന്തിയോടനുബന്ധിച്ച് നടന്ന പദയാത്ര മന്ത്രി ജെ.ചിഞ്ചുറാണി നിർവഹിച്ചു. പത്തനംതിട്ട കളക്ടറേറ്റ് അങ്കണത്തിലെ ഗാന്ധി പ്രതിമയിൽ മന്ത്രി വീണാ ജോർജ് പുഷ്പാർച്ചന നടത്തി. ലക്ഷദ്വീപിലെ കവരത്തിയിൽ നടന്ന പ്രഭാത ഭേരി മാർച്ചിൽ വിദ്യാത്ഥികൾ, വനിതകൾ, സൈനികർ, ഉദ്യോഗസ്ഥർ ഉൾപ്പടെയുള്ളവർ പങ്കെടുത്തു.

***********************************

RNU TVPM

## പ്രധാനമന്ത്രി - ഇൻട്രോ

രാജ്യത്ത് ശുചിത്വം ഉറപ്പാക്കുന്നത് ലക്ഷ്യമിട്ട്, ഗാന്ധിജയന്തി ദിനത്തിൽ 9,600 കൂടി രൂപയുടെ വിവിധ പദ്ധതികൾ പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ഉദ്ഘാടനം ചെയ്തു. കൊച്ചിൻ റിഫൈനറിയിലെ കംപ്രസ്ഡ് ബയോഗ്യാസ് പ്ലാന്റിൻറെ നിർമ്മാണത്തിനും പ്രധാനമന്ത്രി ഇതോടൊപ്പം തുടക്കം കുറിച്ചു. ബ്രഹ്മപുരം മാലിന്യ സംഭരണ കേന്ദ്രത്തിലെ മലിനീകരണ പ്രശ്നം ലഘൂകരിക്കാനാണ് സംരംഭം ലക്ഷ്യമിടുന്നത്. രാജ്യത്തെ കോടിക്കണക്കിന് ജനങ്ങളുടെ പ്രതിബദ്ധതയുടെ തെളിവാണ് സ്വച്ഛത ദൗത്യത്തിൻറെ വിജയമെന്ന് ശ്രീ മോദി അഭിപ്രായപ്പെട്ടു. മാലിന്യ നിർമ്മാർജന രംഗത്ത് ഭാവിയിൽ ഉണ്ടാകാനിടയുള്ള വെല്ലുവിളികൾ കൂടി മനസിലാക്കേണ്ടത് പ്രധാനമാണെന്നും പ്രധാനമന്ത്രി പറഞ്ഞു.

(പി.എം വോയിസ്)

PNU TVPM

************************************

## മാലിന്യമുക്തം നവകേരളം- മുഖ്യമന്ത്രി

സംസ്ഥാനത്തെ പൂർണമായും മാലിന്യമുക്തമാക്കുന്നതിന് സമൂഹത്തിൻറെ എല്ലാ മേഖലയിലുമുള്ളവരുടെയും സഹകരണം ആവശ്യമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. മാലിന്യമുക്തം നവകേരളം ക്യാമ്പയിൻറെ സംസ്ഥാനതല ഉദ്ഘാടനം കൊല്ലം കൊട്ടാരക്കരയിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം. പൊതുസ്ഥലങ്ങൾ മലിനമാക്കുന്നതിൻറെ പ്രത്യാഘാതത്തെക്കുറിച്ചുള്ള അവബോധം പൊതുജനങ്ങൾക്കിടയിൽ വർധിക്കേണ്ടതുണ്ട്. വർധിച്ചുവരുന്ന ജനസാന്ദ്രത മാലിന്യനിർമ്മാർജ്ജനത്തിന് വെല്ലുവിളിയാണെന്നും മുഖ്യമന്ത്രി പറഞ്ഞു. കൊട്ടാരക്കരയുടെ സമഗ്രവികസനം ലക്ഷ്യമിട്ടുള്ള പരിപാടിയുടെ ഉദ്ഘാടനവും

പുലമൺതോടിൻറെ പുനരുജ്ജീവന പ്രഖ്യാപനവും മുഖ്യമന്ത്രി നിർവഹിച്ചു. ധനമന്ത്രി കെ.എൻ.ബാലഗോപാൽ ചടങ്ങിൽ അധ്യക്ഷത വഹിച്ചു.

************************************

## നവകേരളം - വി.എൻ. വാസവൻ

മാലിന്യമുക്ത നവകേരളം ജനകീയ ക്യാമ്പയിനിൻറെ കോട്ടയം ജില്ലാതല ഉദ്ഘാടനം മന്ത്രി വി.എൻ വാസവൻ നിർവഹിച്ചു. കുമരകം ഗ്രാമപഞ്ചായത്തിൻറെ മൊബൈൽ സെപ്റ്റേജ് ട്രീറ്റ്മെൻറ് യൂണിറ്റും മന്ത്രി ഉദ്ഘാടനം ചെയ്തു. രാജ്യത്ത് ആദ്യമായാണ് ഒരു ഗ്രാമപഞ്ചായത്ത് മൊബൈൽ സെപ്റ്റേജ് ട്രീറ്റ്മെൻറ് യൂണിറ്റ് സ്ഥാപിക്കുന്നതെന്ന് മന്ത്രി പറഞ്ഞു.

RNU TVPM

************************************

## നവകേരളം - പി. രാജീവ്

ശുചിത്വ പരിപാലനത്തിൽ കേരളത്തെ ഒന്നാമതെത്തിക്കാനാണ് സംസ്ഥാന സർക്കാർ ലക്ഷ്യമിടുന്നതെന്ന് മന്ത്രി പി. രാജീവ്. മാലിന്യ മുക്തം നവകേരളം കാമ്പയിൻറെ എറണാകുളം ജില്ലാതല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. കേരളത്തെ മാലിന്യ മുക്തമാക്കുന്നതിനായി ആറുമാസത്തെ പ്രത്യേക കർമ്മ പദ്ധതി സർക്കാർ തയ്യാറാക്കിയതായും മന്ത്രി പറഞ്ഞു.

************************************

## സ്വച്ഛത അഭിയാൻ -പ്രതിരോധ സേന

സ്വച്ഛതാ ഹി സേവാ കാമ്പെയ്നിൻറെയും ഗാന്ധി ജയന്തിയുടെയും ഭാഗമായി സായുധ സേനയും പ്രതിരോധ സംഘടനകളും ഇന്ന് തിരുവനന്തപുരത്ത് വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. സിനിമാ താരം ജോസ് കുര്യനും എൻ.സി.സി തിരുവനന്തപുരം ഗ്രൂപ്പ് കമാൻഡർ ബ്രിഗേഡിയർ ആനന്ദും ചേർന്ന് തിരുവനന്തപുരം കേണൽ ജിവി രാജ സ്പോർട്സ് സ്റ്റേഡിയത്തിൽ ക്യാമ്പയിൻ ഫ്ലാഗ് ഓഫ് ചെയ്തു. നഗരത്തിലെ വിവിധ ഇടങ്ങൾ ശുചീകരിച്ചു. കാമ്പെയ്നിൻറെ ഭാഗമായി, വൃക്ഷത്തൈകളും നട്ടുപിടിപ്പിച്ചു.

************************************

## വൈദ്യുതി - കെ.കൃഷ്ണൻകുട്ടി - ഇൻട്രോ

RNU TVPM

വൈദ്യുതി മുടങ്ങി നിശ്ചിത സമയത്തിനകം പുനസ്ഥാപിച്ചില്ലെങ്കിൽ ഉപഭോക്താവിന് കെഎസ്ഇബി നഷ്ടപരിഹാരം നൽകേണ്ടതുണ്ടെന്ന് മന്ത്രി കെ.കൃഷ്ണൻകുട്ടി. വോൾട്ടേജ് കുറഞ്ഞാലും നഷ്ടപരിഹാരം നൽകാൻ ബോർഡ് ബാധ്യസ്ഥരാണെന്ന് മന്ത്രി പറഞ്ഞു. ഉപഭോക്തൃ സേവന വാരാചരണത്തിൻറെ സംസ്ഥാനതല ഉദ്ഘാടനം, പാലക്കാട് കൊല്ലങ്കോട് നിർവഹിക്കുകയായിരുന്നു അദ്ദേഹം.

(വോയിസ്)

************************************

## സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണം

മാറുന്ന ലോകത്തിനൊപ്പം മുന്നേറാൻ പട്ടികജാതി-പട്ടികവർഗ്ഗ-പിന്നാക്ക വിഭാഗങ്ങളെ പ്രാപ്തരാക്കുന്ന

ഇടപെടലുകളാണ് സംസ്ഥാന സർക്കാർ നടത്തുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണ പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ട്രൈബൽ പ്ലസിൽ ഏറ്റവും കൂടുതൽ തൊഴിൽ ദിനം സൃഷ്ടിച്ച പഞ്ചായത്തിനുള്ള മഹാത്മ ഗോത്ര സമൃദ്ധി പുരസ്കാര സമർപ്പണവും അദ്ദേഹം നിർവഹിച്ചു. ഈ മാസം 16 വരെയാണ് പരിപാടി സംഘടിപ്പിക്കുന്നത്.

*************************************

## വനം - വന്യ ജീവി വരാഘോഷം

വനം - വന്യ ജീവി വാരാഘോഷത്തിൻറെ സംസ്ഥാനതല ഉദ്ഘാടനം തേക്കടിയിൽ മന്ത്രി എ കെ ശശീന്ദ്രൻ ഓൺലൈനായി നിർവ്വഹിച്ചു. ഈ മാസം എട്ടിന് വാരാഘോഷത്തിൻറ സമാപനത്തോട് അനുബന്ധിച്ച് സ്കൂൾ, കോളജ്, വിദ്യാർഥികൾ ഉൾപ്പടെ പങ്കെടുക്കുന്ന ജനബോധന റാലി നടക്കും. റാലിയിൽ പങ്കെടുക്കുന്ന വിദ്യാലയങ്ങൾക്ക് മികവിൻറെ അടിസ്ഥാനത്തിൽ അവാർഡുകൾ സമ്മാനിക്കും.

RNI TVPM

*************************************

## കാനനകാന്തി - എ കെ ശശീന്ദ്രൻ

വന്യജീവി വാരാഘോഷത്തിൻറെ ഭാഗമായി വനംവകുപ്പ് സംഘടിപ്പിക്കുന്ന വനവിഭവ വില്പ്പന പ്രദർശന മേള മന്ത്രി എ കെ ശശീന്ദ്രൻ നാളെ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും. കാനനകാന്തി എന്ന പേരിൽ ഈ മാസം എട്ടുവരെയാണ് മേള. മേളയോട് അനുബന്ധിച്ചുള്ള ട്രൈബൽ ഫുഡ് ഫെസ്റ്റിന്റെ ഉദ്ഘാടനം മന്ത്രി ഒ ആർ കേളു നിർവഹിക്കും. സാംസ്കാരികോത്സവം മന്ത്രി എം ബി രാജേഷ് ഉദ്ഘാടനം ചെയ്യും.

************************************

## പട്ടയമേള

തിരുവനന്തപുരം ജില്ലാതല പട്ടയമേള നാളെ നെയ്യാറ്റിൻകരയിൽ നടക്കും. മന്ത്രിമാരായ കെ. രാജൻ, വി.ശിവൻകുട്ടി, ജി. ആർ അനിൽ എന്നിവർ ചേർന്ന് പട്ടയങ്ങൾ വിതരണം ചെയ്യും. 332 പട്ടയങ്ങളാണ് ജില്ലയിൽ വിതരണം ചെയ്യുന്നത്.

************************************

## വനിതാ ട്വന്റി - 20

ഐസിസി വനിതാ ട്വന്റി - 20 ലോകകപ്പിൻറെ ഒമ്പതാം പതിപ്പിന് നാളെ ഷാർജയിൽ തുടക്കമാകും. ബംഗ്ലാദേശും സ്കോട്ലൻഡും തമ്മിലാണ് ആദ്യ മത്സരം. മറ്റെന്നാൾ ന്യൂസിലൻഡിനെതിരെയാണ് ഇന്ത്യയുടെ ആദ്യ മത്സരം.

RNU TVPM

************************************

## നവരാത്രി

നവരാത്രി വിഗ്രഹ ഘോഷയാത്ര നാളെ തിരുവനന്തപുരത്ത് എത്തും. ഇതിന്റെ ഭാഗമായി നഗരത്തിൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. കളിയിക്കാവിളയിൽ കേരള പൊലീസ്, റവന്യൂ, ദേവസ്വം അധികൃതർ ചേർന്ന് ഘോഷയാത്രക്ക് വരവേൽപ്പ് നൽകി.

************************************

## ആലപ്പുഴ - ഇൻട്രോ

നെഹ്റു ട്രോഫി വള്ളംകളിക്ക് ശേഷം ആലപ്പുഴ ജില്ലയിലെ കായലോര ടൂറിസം മേഖലയിൽ വലിയ ഉണർവാണ്

ഉണ്ടായിട്ടുള്ളത്. നവരാത്രിയുടെ അവധി ആഘോഷിക്കാൻ മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള വിനോദസഞ്ചാരികൾ ആലപ്പുഴയിലേക്ക് എത്തുകയാണ്.

**ആലപ്പുഴയിൽ നിന്നും ആകാശവാണി ജില്ലാ പ്രതിനിധി ആർ. രവികുമാർ തയാറാക്കിയ റിപ്പോർട്ട്...**

(വോയ്സ്)

*************************************

## ബസ് സർവീസ് - ജി. ആർ അനിൽ

തിരുവനന്തപുരം വേറ്റിനാട് ഗാന്ധി സ്മാരക മണ്ഡപം മുതൽ കിഴക്കേക്കോട്ട വരെയുള്ള കെഎസ്ആർടിസി സ്വിഫ്റ്റ് ബസ് സർവീസ് മന്ത്രി ജി. ആർ അനിൽ ഫ്ലാഗ് ഓഫ് ചെയ്തു. പേരൂർക്കട ബസ് ഡിപ്പോയിൽ നിന്നു രാവിലെ 7 മണിക്ക് പുറപ്പെടുന്ന ബസ് കിഴക്കേക്കോട്ട - പട്ടം - നാലാഞ്ചിറ വഴി സർവീസ് നടത്തും. 7.50ന് തിരികെ കിഴക്കേകോട്ടയിലേക്കും സർവീസ് ഉണ്ടാകും.

RNU TVPM

*************************************

## പി എ മുഹമ്മദ് റിയാസ് - കണ്ണൂർ

കണ്ണൂർ നഗരറോഡ് വികസന പദ്ധതി യാഥാർഥ്യമാക്കാനുള്ള എല്ലാ ശ്രമങ്ങളും നടത്തുമെന്ന് മന്ത്രി പി എ മുഹമ്മദ് റിയാസ്. കണ്ണൂർ മേലെചൊവ്വ ഫ്ളൈ ഓവർ നിർമ്മാണ പ്രവൃത്തി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

*************************************

## അർജുൻ

ഷിരൂരിൽ മണ്ണിടിച്ചിലിൽ മരിച്ച അർജുൻറെ ട്രക്ക് ഉടമ മനാഫ്, കുടുംബത്തിന്റെ വൈകാരികതയെ ചൂഷണം ചെയ്യുന്നതായി ആരോപിച്ച് അർജുന്റെ കുടുംബം. അർജുന്റെ പേരിൽ പണപ്പിരിവ് നടക്കുന്നതായും കുടുംബം ആരോപിച്ചു. അതേസമയം, തനിക്കെതിരെയുള്ള ആരോപണങ്ങൾ ട്രക്ക് ഉടമ മനാഫ് നിഷേധിച്ചു.

*************************************

## അർജുൻ- ഗവർണർ

മണ്ണിടിച്ചിൽ മരിച്ച അർജുൻറെ കുടുംബത്തെ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ സന്ദർശിച്ചു. കോഴിക്കോട് കണ്ണാടിക്കലിലെ വീട്ടിൽ ഉച്ചയോടെയാണ് ഗവർണർ എത്തിയത്.

*************************************

RNU TVPM

## ആറന്മുള വള്ളസദ്യ

ആറന്മുള പള്ളിയോട സേവാ സംഘത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച വഴിപാടു വള്ളസദ്യയ്ക്ക് സമാപനമായി. സമാപന ദിവസമായ ഇന്ന് എട്ട് പള്ളിയോടങ്ങൾക്ക് സദ്യ ഒരുക്കിയിരുന്നു. കഴിഞ്ഞ 74 ദിവസങ്ങളായി നടന്ന വഴിപാടു വള്ളസദ്യയിൽ ആകെ 443 വള്ള സദ്യകളാണു നടന്നത്. അടുത്ത ഉതൃട്ടാതി ജലോത്സവം 2025 സെപ്റ്റംബർ ഒൻപതിനും അഷ്ടമിരോഹിണി വള്ളസദ്യ 14 നും നടക്കും.

*******************************************************

*************************************

**********************